**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *93** 11/07/2016 -ൽ മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി.വീണാ ജോർജ്ജ്<br>പ്രൊഫ.കെ.യു.അരുണൻ | ശ്രീ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) മുൻ സർക്കാർ, അംഗീകാരമില്ലാത്ത 396 വിദ്യാലയങ്ങൾക്ക് അംഗീകാരവും 555 സി.ബി.എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ.സി.യും നൽകിയത് പൊതു വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) മുൻ സർക്കാർ 396 അനംഗീകൃത അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയതും 568 സി ബി എസ് ഇ വിദ്യാലയങ്ങൾക്ക് എൻ ഒ സി നൽകിയതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതുമൂലമുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടില്ല. |
| (സി) വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന മുൻ സർക്കാരിന്റെ നിലപാട് തിരുത്തി സർക്കാർ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക സൗകര്യവും മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) സാങ്കേതികവിദ്യ കൂടുതൽ പ്രയോജനപ്പെടുത്തിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും സർക്കാർ സ്കൂളുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ക്ലാസുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യം ഏർപ്പെടുത്തുന്നതും അദ്ധ്യയന ദിവസങ്ങളുടെ എണ്ണം |

വർദ്ധിപ്പിക്കുന്നതുൾപ്പെടെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനാവശ്യമായ വിഷയങ്ങൾ പരിഗണനയിലാണ്.

Sreeden

സെക്ഷൻ ഓഫീസർ